പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 471 06.02.2013 -ലെ മറുപടി

<u>കെ. എസ്. ആർ. ടി. സി. -യിൽ സെൻട്രൽ പർച്ചേസിംഗ് സംവിധാനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യിൽ സ്പെയർ പാർട്സ് വാങ്ങുന്നതിന് സെൻട്രൽ പർച്ചേസിംഗ് സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സംവിധാനം മുഖേന പർച്ചേസ് നടത്തുന്നതിന്റെ രീതി വിശദമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി. യിൽ സ്പെയർ പാർട്സ് വാങ്ങുന്നതിന് സെൻട്രൽ പർച്ചേസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. 25 ലക്ഷം രൂപ വരെ വിലയുള്ള സ്പെയർ പാർട്സും മറ്റ് അനുബന്ധ സാമഗ്രികളും സെൻട്രൽ പർച്ചേസ് കമ്മറ്റിയുടെ ശുപാർശയോടുകൂടിയും 25 ലക്ഷം രൂപയിൽ കൂടുതൽ വില വരുന്ന സ്പെയർ പാർട്സുകൾ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ ഡയറക്ടർ ബോർഡിന്റെ അനുമതി യോടുകൂടി താഴെ പറയുന്ന വിഭാഗങ്ങളിൽ പെട്ട സ്ഥാപനങ്ങളുടെ വില താരതമ്യം ചെയ്ത് ഏറ്റവും വില കുറവുള്ളവരിൽ നിന്നും വാങ്ങുന്നു.<br>1. വാഹന നിർമ്മാതാക്കൾ<br>2. വാഹന നിർമ്മാതാക്കൾക്ക് സാധനങ്ങൾ നൽകുന്നവരും അതേ സമയം തന്നെ അസ്സോസ്സിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ്ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുമായി നിരക്കുകരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ.<br>3. വാഹന നിർമ്മാതാക്കൾക്ക് സാധനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ.<br>ഗുണനിലവാരം ഉറപ്പാക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. |
| (ബി) | പ്രതിവർഷം എന്തുതുകയുടെ പർച്ചേസ് നടത്താറുണ്ട് ; കഴിഞ്ഞ അഞ്ചു വർഷം സെൻട്രൽ പർച്ചേസിംഗ് സംവിധാനം വഴി വാങ്ങി വിതരണം നടത്തിയ സ്പെയർ പാർട്സിന്റെ പ്രതിവർഷ ചെലവ് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) | കെ.എസ്.ആർ.ടി.സി കഴിഞ്ഞ രണ്ടു വർഷമായി പ്രതിവർഷം ഏകദേശം 100 കോടി രൂപയുടെ പർച്ചേസ് നടത്തുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷം സാധനങ്ങൾ വാങ്ങി ഉപയോഗിച്ചു വന്ന ചെലവ് താഴെ കൊടുക്കുന്നു. |

| വർഷം | ചെലവായ തുക (രൂപ) |
|---|---|
| 2007 - 08 | 57.17 കോടി |
| 2008 - 09 | 53.08 കോടി |

| | | | |
|---|---|---|---|
| | | | 2009 - 10 — 63.72 കോടി<br>2010 - 11 — 98.15 കോടി<br>2011 - 12 — 106.77 കോടി |
| (സി) | ഡിപ്പോകളിലേക്കുള്ള സ്പെയർ പാർട്സിന്റെ വിതരണ രീതിയും മാനദണ്ഡവും വിശദമാക്കുമോ ? | (സി) | പർച്ചേസ് ഓർഡർ അനുസരിച്ച് വിതരണക്കാർ ചീഫ് സ്റ്റോർ പാപ്പനംകോട് -ൽ സ്പെയർ പാർട്സുകൾ എത്തിക്കുകയും അവിടെ നിന്നും മാവേലിക്കര, ആലുവ, എടപ്പാൾ, കോഴിക്കോട് എന്നീ റീജിയണൽ വർക്ക് ഷോപ്പുകളിൽ പ്രവർത്തിക്കുന്ന മേഖലാ ചീഫ് സ്റ്റോറിലേയ്ക്ക് സ്പെയർ പാർട്സുകൾ അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഓരോ വർക്ക്ഷോപ്പിന്റെയും നിയന്ത്രണത്തിലുള്ള ഡിപ്പോകൾക്ക് ആവശ്യമായ സ്പെയർ പാർട്സുകൾ ഡിപ്പോകളിൽ നിന്നും ആവശ്യപ്പെടുന്നതു പ്രകാരം അതാതു മേഖല ചീഫ് സ്റ്റോറിൽ നിന്നും ഡിപ്പോകളിലേക്ക് വിതരണം ചെയ്യുന്നു. സെൻട്രൽ വർക്ക് ഷോപ്പിന്റെ നിയന്ത്രണത്തിലുള്ള ഡിപ്പോകൾക്ക് ചീഫ് സ്റ്റോർ പാപ്പനംകോട് -ൽ നിന്നും നേരിട്ട് ആവശ്യാനുസരണം സ്പെയർ പാർട്സുകൾ വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ